"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ദുരന്ത നിവാരണ വകുപ്പ് - മേപ്പാടി ഗ്രാമപഞ്ചായത്തിലെ മുണ്ടക്കൈ പ്രദേശത്ത് ഉണ്ടായ ഉരുൾപൊട്ടലിനെത്തുടർന്ന് കൃഷി ഭൂമി നശിച്ച കർഷകർക്ക് ധനസഹായം അനുവദിക്കുന്നതിന് വയനാട് ജില്ലാകളക്ടർക്ക് തുക അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ദുരന്ത നിവാരണ(എ) വകുപ്പ്**

സ.ഉ.(സാധാ) നം.15/2025/DMD തീയതി,തിരുവനന്തപുരം, 07-01-2025

---

പരാമർശം:- വയനാട് ജില്ലാകളക്ടറുടെ 30/12/2024 ലെ DCWYD/5501/ 2024 -DM3 നമ്പർ കത്ത്

**ഉത്തരവ്**

30.07.2024 ന് മേപ്പാടി ഗ്രാമപഞ്ചായത്തിലെ മുണ്ടക്കൈ പ്രദേശത്ത് ഉണ്ടായ ഉരുൾപൊട്ടലിനെത്തുടർന്ന് കൃഷി ഭൂമി നശിച്ച 170 കർഷകർക്ക് (10.3182 ഹെക്ടർ നശിച്ചതിന്) ധനസഹായം അനുവദിക്കുന്നതിനായി ആകെ 9,83,578/-രൂപയും, 95 കർഷകർക്ക് (6.182 ഹെക്ടർ നശിച്ചതിന്) ധനസഹായം അനുവദിക്കുന്നതിനായി 5,42,602/- രൂപയും അനുവദിക്കാനുള്ളതായി പ്രിൻസിപ്പൽ കൃഷി ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും മേൽ ധനസഹായം വിതരണം ചെയ്യുന്നതിനായി തുക അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് വയനാട് ജില്ലാകളക്ടർ പരാമർശത്തിലെ കത്ത് പ്രകാരം ആവശ്യപ്പെടുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 30.07.2024 ന് മേപ്പാടി ഗ്രാമപഞ്ചായത്തിലെ മുണ്ടക്കൈ പ്രദേശത്ത് ഉണ്ടായ ഉരുൾപൊട്ടലിനെത്തുടർന്ന് കൃഷി ഭൂമി നശിച്ച 170 കർഷകർക്ക് (10.3182 ഹെക്ടർ നശിച്ചതിന്) ധനസഹായം അനുവദിക്കുന്നതിനായി 9,83,578/-രൂപയും, 95 കർഷകർക്ക് (6.182 ഹെക്ടർ നശിച്ചതിന്) ധനസഹായം അനുവദിക്കുന്നതിനായി 5,42,602/- രൂപയും ചേർത്ത് ആകെ 15,26,180/- രൂപ (പതിനഞ്ച് ലക്ഷത്തി ഇരുപത്തി ആറായിരത്തി ഒരുനൂറ്റി എൺപത് രൂപ മാത്രം) സംസ്ഥാന ദുരന്ത പ്രതികരണനിധിയുടെ 2245-02-115-99-F Assistance to farmers to clear sand /silt എന്ന ശീർഷകത്തിൽ നിന്ന് വയനാട് ജില്ലാകളക്ടർക്ക് അനുവദിച്ച് ഉത്തരവാകുന്നു.

നടപ്പ് സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റ് പ്രൊവിഷനിൽ നിന്ന് തുക വിനിയോഗിക്കേണ്ടതാണ്. സംസ്ഥാന ദുരന്ത പ്രതികരണനിധിയുടെ മാനദണ്ഡപ്രകാരം മാത്രം തുക വിനിയോഗിക്കേണ്ടതും തുകയുടെ വിനിയോഗം സംബന്ധിച്ച വിവരം NDMIS പോർട്ടലിൽ

രേഖപ്പെടുത്തേണ്ടതും, വിനിയോഗ സർട്ടിഫിക്കറ്റ് സർക്കാരിലേയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

അനുരാധ കെ സി

അഡിഷണൽ സെക്രട്ടറി

അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്),(എ&ഇ) കേരള, തിരുവനന്തപുരം

കമ്മീഷണർ, ലാന്റ് റവന്യൂ, തിരുവനന്തപുരം

കമ്മീഷണർ, ദുരന്ത നിവാരണം

ജില്ലാകളക്ടർ, വയനാട്

ഡയറക്ടർ , കൃഷിവകുപ്പ്

മെമ്പർ സെക്രട്ടറി, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി

ട്രഷറി ഡയറക്ടർ, തിരുവനന്തപുരം

പൊതുജന സമ്പർക്ക വകുപ്പ്(Web and New Media)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

**Signed by Sivaprasad V N**
**Date: 07-01-2025 17:14:05**

സെക്ഷൻ ഓഫീസർ